പതിനാലാം കേരള നിയമസഭ
പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1455

06.03.2020-ൽ
മറുപടിക്ക്

**കേരള സ്റ്റേറ്റ് റിയൽ എസ്റ്റേറ്റ് അതോറിറ്റി**

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) കേരള റിയൽ എസ്റ്റേറ്റ് അതോറിറ്റിയിൽ നാളിതുവരെ രജിസ്ട്രേഷനു വേണ്ടി എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | എ) കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റിയിൽ **29.02.2020** വരെ **108** റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെയും **35** റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെയും രജിസ്ട്രേഷനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ **30** പ്രോജക്ടുകൾക്കും, **33** ഏജന്റുമാർക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. |
| ബി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന എത്ര വില്ലകൾ/ഫ്ലാറ്റുകൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | ബി) അതോറിറ്റി ഔദ്യോഗികമായി നിലവിൽ വന്ന **01.01.2020**-ന് മുൻപ് തന്നെ തുടർന്നു കൊണ്ടിരുന്നതായ **(ongoing) 30** റിയൽ എസ്റ്റേറ്റ് പ്രോജക്ടുകൾ അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) രജിസ്ട്രേഷൻ വകയിൽ നാളിതുവരെ എത്ര തുക അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്; | സി) റിയൽ എസ്റ്റേറ്റ് പ്രോജക്ടുകളുടെ രജിസ്ട്രേഷൻ വകയിൽ **29.02.2020** വരെ **3,07,81,984.49/-** രൂപയും, റിയൽ എസ്റ്റേറ്റ് ഏജന്റുമാരുടെ രജിസ്ട്രേഷൻ വകയിൽ **17,50,000/-** രൂപയും അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | രജിസ്റ്റർ ചെയ്യാത്ത എത്ര പേർക്ക് അതോറിറ്റി നോട്ടീസ് നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; | ഡി) | നോട്ടീസ് നൽകിയിട്ടില്ല. നിലവിൽ നടന്നു വരുന്ന പ്രോജക്ടുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി **31.03.2020** ആണ്. |
| ഇ) | ഫ്ലാറ്റ്/വില്ല നിർമ്മാതാക്കൾക്കെതിരേ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ? | ഇ) | അതോറിറിറ്റി മുൻപാകെ **29.02.2020** തീയതിവരെ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികൾ **126** എണ്ണവും ആയതിൽ തീർപ്പാക്കിയവ **8** എണ്ണവുമാണ്. അഡ്ജുഡിക്കേറ്റിംഗ് ഓഫീസർ മുൻപാകെ **29.02.2020** തീയതി വരെ രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികൾ **36** എണ്ണമാണ്. ആയവ തീർപ്പാക്കിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**